നമ്പർ.ഐ.വൈ.2/34773/09/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി: 5.10.2009

## സർക്കുലർ

**വിഷയം:-** **പൊതുവിദ്യാഭ്യാസം - സ്കൂൾ കലോത്സവ സോഫ്ട്‌വെയറിന്റെ ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 19.09.2009 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 34773/09/ ഡി.പി.ഐ. നമ്പർ സർക്കുലർ.

കേരള സ്കൂൾ കലോത്സവ സോഫ്റ്റ്‌വെയർ 2009-10 അധ്യയന വർഷം മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ താഴെ പറയുന്ന ഭേദഗതി വരുത്തി സോഫ്റ്റ്‌വെയർ ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സൂചന പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ ഡാറ്റാ എൻട്രി നടത്തുന്നതിന് പ്രത്യേക സോഫ്റ്റ്‌വെയർ സ്കൂളുകൾക്ക് ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഡാറ്റാ എൻട്രി ഓൺലൈനായി നടത്തുന്നതിനാൽ പ്രത്യേക സോഫ്റ്റ്‌വെയർ സ്കൂളുകൾക്ക് നൽകുന്നതല്ല.
2. ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലെ ഡാറ്റാ എൻട്രി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശിക്കുന്ന സ്കൂളിൽ ( നോഡൽ കേന്ദ്രത്തിൽ ) നടത്തേണ്ടതാണ്. ഈ നോഡൽ കേന്ദ്രത്തിൽ മുഴുവൻ സമയ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നോഡൽ കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർക്കാണ്. ബ്രോഡ്ബാന്റ് ലഭ്യത കുറവുള്ള മേഖലകളുണ്ടെങ്കിൽ എ.ഇ.ഒ. തലത്തിൽ ~~ഡാറ്റാ~~ ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സംവിധാനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരുക്കേണ്ടതാണ്.
3. സ്കൂൾ കലോത്സവത്തിൽ മത്സരാർത്ഥികളുടെ വിശദാംശങ്ങൾ ഓൺലൈനായി എന്റർ ചെയ്യുന്നതിനാൽ പുതുക്കിയ പ്രവേശന ഫോറം ഉപയോഗിക്കേണ്ടതാണ്. ഫോറത്തിന്റെ മാതൃക www.education.kerala.gov.in, www.itschool.gov.in എന്ന വെബ്സൈറ്റുകളിൽ ലഭ്യമാകുന്നതാണ്.
4. സ്കൂൾ കലോത്സവ സോഫ്റ്റ്‌വെയർ പരിശീലന പരിപാടിയിൽ എ.ഇ.ഒ., പ്രോഗ്രാം കമ്മിറ്റി കൺവീനർ, സംഘടനാ പ്രതിനിധികൾ, സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുക്കേണ്ടതാണ്. സ്കൂൾ ഐ.ടി. കോ-ഓഡിനേറ്റർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കേണ്ടതാണ്.
5. ഉപജില്ലാ തലത്തിലെ സ്കൂൾ കലോത്സവം നടത്തുന്നതിന് ആവശ്യമായ ഡാറ്റാബേസ് ഉൾപ്പെടുത്തിയ സോഫ്റ്റ്‌വെയർ എ.ഇ.ഒ. മാർക്ക് ലഭ്യമാക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
ഐടി@സ്കൂൾ പ്രോജക്ടിലെ എല്ലാ DC/MTC/MT-മാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും ( വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം )

1196/2009